6701/എഫ്/2013/കെ.എസ്സ്.എച്ച്.ഒ

22..06..2015

# സർക്കുലർ

വിഷയം:- കുടുംബശ്രീ – ദേശീയ ഉപജീവന മിഷൻ-നഗരങ്ങളിലെ ഭവനരഹിതരായ ദരിദ്രർക്ക് പാർപ്പിട സൗകര്യം ഒരുക്കുവാനുള്ള പദ്ധതി - സംബന്ധിച്ച്.

നഗരത്തിലെ ഭവനരഹിതരിൽ ഭൂരിഭാഗവും അസംഘടിത മേഖലയിൽ ചെറിയ വേതനത്തിന് സേവനം ലഭ്യമാക്കുന്നവരും, അതുവഴി നഗരത്തിന്റെ സമ്പദ്‌വ്യവസ്ഥക്കും നഗരവികസനത്തിനും കാര്യമായ സംഭാവന നൽകുന്നവരുമാണ്. എങ്കിലും ഇവരിൽ പലരും അടിസ്ഥാനസൗകര്യങ്ങളോടു കൂടിയ പാർപ്പിടസൗകര്യങ്ങളോ സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പരിരക്ഷയോ ഇല്ലാതെ ജീവിക്കുന്നവരാണ്. സ്വന്തമായി പാർപ്പിടമില്ലാത്തതിനാൽ ഒരേസ്ഥലത്ത് സ്ഥിരമായി ജീവിക്കാൻ കഴിയാത്തതുകൊണ്ട് മേൽവിലാസവും തിരിച്ചറിയൽ രേഖകളും ഇല്ലാത്തവരും, അതിലുപരി ഇവർക്കും ഇവരുടെ ആശ്രിതരായ കുട്ടികളടക്കമുള്ള കുടുംബാംഗങ്ങൾക്കും സർക്കാരിന്റെ നിലവിലുള്ള സാമൂഹ്യക്ഷേമ-സുരക്ഷാ പദ്ധതികളുടെ ഗുണഫലങ്ങൾ പോലും ലഭ്യമാകുന്നില്ല.

ഈ സാഹചര്യത്തിൽ സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ഇവർക്ക് ശുദ്ധജല ലഭ്യത, സാനിറ്റേഷൻ, സുരക്ഷിതത്വം എന്നിവയുള്ള സ്ഥിരമായ ഒരു പാർപ്പിട സംവിധാനം നഗരങ്ങളിൽ ഒരുക്കുന്നതിനായി ദേശീയ നഗര ഉപജീവന മിഷൻ വിഭാവനം ചെയ്യുന്നു.

മേൽപ്പറഞ്ഞ രീതിയിൽ ഭവനരഹിതർ വന്നുചേരുന്നതും ജീവിക്കുന്നതുമായ മേഖലകളിൽ ബാധ്യതകളൊന്നുമില്ലാത്ത ഭൂമി ലഭ്യമാണെങ്കിൽ നഗരസഭയ്ക്ക് പാർപ്പിടങ്ങൾ പണിയുന്നതിനുള്ള ധനസഹായം ദേശീയ നഗര ഉപജീവന മിഷൻ ലഭ്യമാക്കുന്നതാണ്. ഒരു വ്യക്തിക്ക് 50 ചതുരശ്ര അടി വിസ്തീർണം എന്ന കണക്കിൽ 50 മുതൽ 100 പേരെ വരെ ഉൾക്കൊള്ളാവുന്ന പാർപ്പിടങ്ങളാണ് പണിയാൻ കഴിയുന്നത്. ഒരു ലക്ഷം നഗര ജനസംഖ്യക്ക് ഏറ്റവും കുറഞ്ഞത് 100 പേർക്കുള്ള താമസസൗകര്യം എന്ന അനുപാതത്തിലാണ് പാർപ്പിടത്തിന്റെ വിസ്തൃതി നിശ്ചയിക്കേണ്ടത്. പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് നഗരസഭയ്ക്ക് പാർപ്പിടത്തിന്റെ ആകെ വലിപ്പവും മറ്റ് സൗകര്യങ്ങളും സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്.

പാർപ്പിട സംവിധാനത്തിന്റെ 5 വർഷത്തേക്കുള്ള തുടർ നടത്തിപ്പിനും മാനേജ്മെന്റിനുമുള്ള ചെലവും പദ്ധതിക്കു കീഴിൽ ലഭ്യമാക്കുന്നതാണ്. നിലവിൽ ഇത്തരത്തിലുള്ള പാർപ്പിട കെട്ടിടങ്ങൾ ഉള്ളപക്ഷം ആയത് പുതുക്കിപ്പണിയുന്നതിനും ഈ പദ്ധതി പ്രകാരം കഴിയുന്നതാണ്. എന്നാൽ ഭൂമി വാങ്ങാനുള്ള ചെലവ് ഈ പദ്ധതി പ്രകാരം ലഭിക്കുന്നതല്ല.

ഇത്തരം പാർപ്പിട സംവിധാനങ്ങൾ ഒരുക്കുവാൻ സന്നദ്ധതയുള്ളതും ഇക്കാര്യത്തിനായി ബാധ്യതയില്ലാത്ത ഭൂമി അധീനതയിലുള്ളതോ, താമസം കൂടാതെ കണ്ടെത്തുവാനോ സാധിക്കുന്ന നഗരസഭകൾ ഭൂമിയുടെ വിശദാംശങ്ങൾ, നഗരത്തിലെ പാവപ്പെട്ട ഭവനരഹിതരുടെ എണ്ണം എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു താല്പര്യപത്രം സംസ്ഥാന നഗര ഉപജീവന മിഷന് നൽകേണ്ടതാണ്. ആയതിനുള്ള മുഴുവൻ തുകയും മിഷൻ നൽകുന്നതാണ്. താല്പര്യം പ്രകടിപ്പിക്കുന്ന നഗരസഭകൾക്ക് വിശദമായ മാർഗനിർദ്ദേശവും വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങളും മിഷൻ നൽകുന്നതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി
കുടുംബശ്രീ

**എല്ലാ നഗരസഭാ ചെയർമാൻമാർക്കും/മേയർമാർക്കും**
**എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും**

**പകർപ്പ്**

1. **എല്ലാ ജില്ലാ മിഷൻകോ-ഓർഡിനേറ്റർ, കുടുംബശ്രീ**
2. **എല്ലാ മിഷൻ മാനേജർമാർക്കും (ജില്ലാ മിഷൻ മുഖേന)**